സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

Travancore Devaswom Board Officers' & Servants' Service Rules 2022 - ക്ലാർക്ക് തസ്തികയിലെ യോഗ്യത - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 7373/22/Est-1** നന്തൻകോട്, **06/05/2023**

---

പരാമർശം :- ദേവസ്വം കമ്മീഷണറുടെ 20-03-2023 ലെ ROC 80/22/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്പെഷ്യൽ റൂൾ സംബന്ധിച്ച അന്തിമ വിജ്ഞാപനം 01-06-2022 ൽ നിലവിൽ വന്നിട്ടുള്ളതാണ്. ആയതുപ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനം നേടുന്നതിന് പ്ലസ്ടു യോഗ്യത നേടിയിരിക്കേണ്ടതാണ്. കൂടാതെ 01-01-2020 തീയതിയിലോ അതിന് മുമ്പോ ലോപെയ്ഡ് ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ ലഭിക്കുന്നതിന് ടി യോഗ്യത ആവശ്യമില്ലായെന്നും തുടർ പ്രൊമോഷനുകൾക്ക് യോഗ്യത ആവശ്യമാണെന്നും സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

സ്പെഷ്യൽ റൂൾസിന്റെ അന്തിമ വിജ്ഞാപനം 06/2022 ലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്നും നിലവിൽ ക്ലാർക്ക് തസ്തികയിൽ തുടരുന്നതിന് അനുപേക്ഷണീയമായ അക്കാഡമിക് യോഗ്യതകൾ നേടിയെടുക്കേണ്ട ആവശ്യമില്ലെങ്കിലും തുടർ പ്രൊമോഷനുകൾക്ക് അവ ആവശ്യമാണെന്ന് നിയമോപദേശം ലഭിച്ചിട്ടുണ്ടെന്നും 01-01-2020 മുതൽ 01-06-2022 വരെ SSLC യോഗ്യതയുള്ള നിരവധി ജീവനക്കാർക്ക് ലോപെയ്ഡ് പ്രൊമോഷൻ നൽകിയിട്ടുള്ളതാണെന്നും അവരിൽ പലർക്കും തുടർ പ്രൊമോഷനുകളും അനുവദിച്ചിട്ടുള്ളതാണെന്നും, ആകയാൽ സ്പെഷ്യൽ റൂളിൽ പരാമർശിച്ചിട്ടുള്ള 01-01-2020 എന്ന തീയതി 01-06-2022 എന്ന് ഭേദഗതി ചെയ്യേണ്ടതാണെന്നും കൂടാതെ 01-06-2022 ന് മുമ്പ് ക്ലാർക്ക് തസ്തികയിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, ആശ്രിത നിയമനം, ബൈട്രാൻസ്ഫർ എന്നിവ മുഖേന നിയമനം ലഭിച്ചവരെയും പ്ലസ്ടു യോഗ്യതയിൽ നിന്നും ഒഴിവാക്കി ഉത്തരവുണ്ടാകണമെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ പരാമർശം റിപ്പോർട്ട് ലഭിച്ചു.

(മറുപുറം)

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ള വസ്തുതകൾ ബോർഡ് വിശദമായി ചർച്ച ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

01–01–2020 ലോ അതിന് മുമ്പോ ലോപെയ്ഡ് പ്രൊമോഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ പ്രൊമോഷൻ ലഭിക്കുന്നതിന് ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യത ആവശ്യമില്ലെന്നും തുടർ പ്രൊമോഷനുകൾക്ക് ടി യോഗ്യത നേടിയിരിക്കേണ്ടതാണെന്നുമുള്ള സ്പെഷ്യൽ റൂളിലെ പരാമർശത്തിലെ 01-01-2020 എന്ന തീയതി 01-06-2022 എന്ന് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

01-06-2022 ന് മുമ്പ് ക്ലാർക്ക് തസ്തികയിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, ആശ്രിത നിയമനം, ബൈട്രാൻസ്ഫർ എന്നിവ മുഖേന നിയമനം ലഭിച്ചവരെയും ടി റൂളിൽ ക്ലാർക്ക് തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യത നേടുന്നതിൽ നിന്ന് ഒഴിവാക്കി ഉത്തരവാകുന്നു.

Travancore Devaswom Board Officers' & Servants' Service Rules 2022 – ൽ മേൽപ്രകാരം ആവശ്യമായ ഭേദഗതി വരുത്തി കരട് ചട്ടം തയ്യാറാക്കുന്നതിന് നിയമ വിഭാഗത്തെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ലാ ആഫീസ്
3. ഐ.റ്റി. ഡിവിഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK